## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2608 06.02.2018-ൽ മറുപടിക്ക്

### ആദിവാസിമേഖലയിൽ ഭൂമി ഏറ്റെടുക്കുവാനും ഭവനനിർമ്മാണത്തിനുമായി വകയിരുത്തിയ തുക

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ : | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) |
| സംസ്ഥാനത്തെ ആദിവാസിമേഖലയിൽ ഭൂമി ഏറ്റെടുക്കുവാനും ഭവനനിർമ്മാണത്തിനുമായി 2017-18 -ലെ ബഡ്ജറ്റിൽ എത്ര രൂപ വകയിരുത്തിയിരുന്നു; അതിൽ എത്ര കോടി രൂപ ഇതിനകം ചെലവഴിച്ചു; വ്യക്തമാക്കാമോ? | സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങുന്നതിനും പുനരധിവാസ പ്രവർത്തനങ്ങൾക്കുമായി നടപ്പ് വർഷം 50 കോടി രൂപ വകയിരുത്തിയിരുന്നു. ആയതിൽ നാളിതു വരെ 9,68,94,548/- രൂപ ചെലവഴിച്ച് ഭൂരഹിതരായ 108 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി വാങ്ങി നൽകിയിട്ടുണ്ട്.<br><br>ഭവന നിർമ്മാണത്തിനായി 2017-18 വർഷം 115.08 കോടി രൂപ വകയിരുത്തിയിരുന്നു. ആയതിൽ 108.76 കോടി രൂപ ജില്ലാ ഓഫീസുകൾക്ക് അനുവദിക്കുകയും 72.22 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**KSBCDC ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന വായ്പാ പദ്ധതികൾ (ഒ.ബി.സി.-മതന്യൂനപക്ഷ വിഭാഗങ്ങൾക്ക്).**

| പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് |
|---|---|---|
| 1. പെൺകുട്ടികളുടെ വിവാഹ വായ്പാ പദ്ധതി **(1,20,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 2 ലക്ഷം രൂപ | 6% |
| 2. വിദേശത്ത് ജോലി നേടി പോകുന്നവർക്കുള്ള വായ്പ **(1,20,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 2 ലക്ഷം രൂപ | 8% |
| 3. സുവർണ്ണ ശ്രീ വായ്പ (ബഹുവിധ ആവശ്യങ്ങൾക്ക്) **(1,20,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 2 ലക്ഷം രൂപ | 9% |
| 4. പ്രവർത്തന മൂലധന വായ്പ **(1,20,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 3 ലക്ഷം രൂപ | 8% |
| 5. ബിസിനസ്സ് ഡെവലപ്മെന്റ് വായ്പ **(1,20,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 3 ലക്ഷം രൂപ | 9% |
| 6. വിദ്യാശ്രീ വായ്പ **(1,20,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 3 ലക്ഷം രൂപ | 6% |
| 7. കൺസ്യൂമർ ഡ്യൂറബിൾ വായ്പ **(6,00,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 2 ലക്ഷം രൂപ | 10% |
| 8. വാഹന വായ്പ **(6,00,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 6 ലക്ഷം രൂപ | 9% |
| 9. ഗൃഹ പുനരുദ്ധാരണ വായ്പ (സ്വസ്ഥഗൃഹ) **(6,00,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 5 ലക്ഷം രൂപ | 10% |
| 10. വ്യക്തിഗത വായ്പ **(6,00,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 3 ലക്ഷം രൂപ | 11% |
| 11. ഭവന നിർമ്മാണ വായ്പ പദ്ധതി - 1 **(1,20,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 5 ലക്ഷം രൂപ | 7.50 % |
| 12. ഭവന നിർമ്മാണ വായ്പ പദ്ധതി - 2 **(3,00,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 10 ലക്ഷം രൂപ | 8.00 % |

**മതന്യൂനപക്ഷങ്ങൾക്കുള്ള പദ്ധതികൾ (മുസ്ളീം, കൃസ്ത്യൻ, സിക്ക്, പാഴ്സി, ബുദ്ധ, ജൈനമത വിഭാഗങ്ങൾക്ക്) NMDFC പദ്ധതികൾ**

| പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് |
|---|---|---|
| 1. സ്വയം തൊഴിൽ പദ്ധതി - 1<br>**(ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 20 ലക്ഷം രൂപ | 6% |
| 2. സ്വയം തൊഴിൽ പദ്ധതി - 2<br>**(6 ലക്ഷം രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 30 ലക്ഷം രൂപ | പുരുഷൻ - 8%<br>സ്ത്രീ - 6% |
| 3. ലഘുവായ്പാ പദ്ധതി (സന്നദ്ധ സംഘടനകൾ / CDS വഴി നൽകുന്ന വായ്പ)<br>**(ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്)** | CDS/NGO-50 ലക്ഷം രൂപ | NGO/CDS-3.50%, SHG-5% |
| 4. വിദ്യാഭ്യാസ വായ്പാ പദ്ധതി-1<br>**ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്** | ഇന്ത്യയ്ക്ക് അകത്ത് പഠിക്കുന്നതിന് 10 ലക്ഷം രൂപ (പ്രതിവർഷം 2 ലക്ഷ രൂപ)<br>വിദേശത്ത് പഠിക്കുന്നതിന് 20 ലക്ഷം രൂപ (പ്രതി വർഷം 4 ലക്ഷം രൂപ) | 3% |
| 5. വിദ്യാഭ്യാസ വായ്പാ പദ്ധതി-2<br>**(6 ലക്ഷം രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | ഇന്ത്യയിൽ പഠിക്കുന്നതിന് 20 ലക്ഷം രൂപ (പ്രതി വർഷം 4 ലക്ഷം രൂപ)<br>വിദേശത്ത് പഠി ക്കുന്നതിന് 30 ലക്ഷം രൂപ (പ്രതി വർഷം 6 ലക്ഷം രൂപ) | ആൺകുട്ടികൾക്ക് - 8%<br>പെൺകുട്ടികൾക്ക് - 5% |
| 6. റി-ടേൺ വായ്പാ പദ്ധതി (പ്രവാസ ജീവിതത്തിനു ശേഷം നാട്ടിൽ സ്ഥിരതാമസമാക്കുന്നതിനുവേണ്ടി മടങ്ങിവരുന്നവർക്കുള്ള പദ്ധതി) | 20 ലക്ഷം രൂപ | NMDFC സ്വയം തൊഴിൽ പദ്ധതി - 1, 2 എന്നിവയ്ക്ക് സമാനം |
| | <u>പ്രത്യേക ആനുകൂല്യം</u><br>പദ്ധതി അടങ്കലിന്റെ 15 % വരെ മൂലധന സബ്സിഡി<br>വായ്പാ തിരിച്ചടവിന്റെ ആദ്യ 4 വർഷങ്ങളിൽ 3% പലിശ സബ്സിഡി. | |

## കോർപ്പറേഷൻ സ്വന്തം ഫണ്ടുപയോഗിച്ച് നടപ്പിലാക്കിവരുന്ന വായ്പാ പദ്ധതികളുടെ നിലവിലുള്ള വ്യവസ്ഥകളിൽ വരുത്തിയിട്ടുള്ള ഭേദഗതികൾ

1) ചുവടെ ചേർക്കുന്ന വായ്പാ പദ്ധതികൾ പ്രകാരം അനുവദനീയമായ പരമാവധി വായ്പാ തുകയിൽ വർദ്ധനവ് വരുത്തിയിരിക്കുന്നു.

| പദ്ധതി | നിലവിലുള്ള വ്യവസ്ഥ | പരിഷ്കരിച്ച വ്യവസ്ഥ |
|---|---|---|
| വിവാഹ വായ്പ | 1.50 ലക്ഷം | 2.00 ലക്ഷം |
| വിദേശ ജോലി വായ്പ | 1.00 ലക്ഷം | 2.00 ലക്ഷം |
| വാഹന വായ്പ | 5.00 ലക്ഷം | 6.00 ലക്ഷം |
| സ്വസ്തഗൃഹ | 3.00 ലക്ഷം | 5.00 ലക്ഷം (തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്ന് ലഭിച്ച അംഗീകൃത പെർമിറ്റ്, പ്ലാൻ എന്നിവയുടെ അടിസ്ഥാനത്തിൽ മാത്രം 3 ലക്ഷത്തിന് മുകളിൽ വായ്പ അനുവദിക്കുന്നതാണ്. |
| വിദ്യാശ്രീ | 2.00 ലക്ഷം | 3.00 ലക്ഷം |
| പ്രവർത്തന മൂലധന വായ്പ | 2.00 ലക്ഷം | 3.00 ലക്ഷം |

2) ചുവടെ ചേർക്കുന്ന വായ്പാ പദ്ധതികളുടെ പലിശ നിരക്കിൽ ഭേദഗതി വരുത്തിയിരിക്കുന്നു.

| പദ്ധതി | നിലവിലുള്ള വ്യവസ്ഥ | പരിഷ്കരിച്ച വ്യവസ്ഥ |
|---|---|---|
| വാഹന വായ്പ | 10% | 9% |
| സ്വസ്തഗൃഹ (ഗ്രഹപുനരുദ്ധാരണ വായ്പ) | 10.50% | 10% |
| പ്രവർത്തന മൂലധന വായ്പ | 7% | 8% |

3) ചുവടെ ചേർക്കുന്ന വായ്പാ പദ്ധതികളുടെ കുടുംബ വാർഷിക വരുമാന പരിധിയിൽ ഭേദഗതി വരുത്തിയിരിക്കുന്നു.

| പദ്ധതി | നിലവിലുള്ള വ്യവസ്ഥ | പരിഷ്കരിച്ച വ്യവസ്ഥ |
|---|---|---|
| ന്യൂ സ്വർണ്ണിമ | ഗ്രാമങ്ങളിൽ- 49,000<br>നഗരങ്ങളിൽ -60,000 | ഗ്രാമങ്ങളിൽ- 98,000<br>നഗരങ്ങളിൽ - 1,20,000<br>(NBCFDC വരുത്തിയ ഭേദഗതി) |
| വിവാഹ വായ്പ | 1,03,000 | 1,20,000 |
| വിദേശ ജോലി വായ്പ | 1,03,000 | 1,20,000 |
| വിദ്യാശ്രീ | 1,03,000 | 1,20,000 |
| ബിസിനസ്സ് ഡെവലപ്മെന്റ് വായ്പ | 1,03,000 | 1,20,000 |

4) എല്ലാ വായ്പാ അപേക്ഷകരും ആധാർ ഹാജരാക്കേണ്ടത് നിർബന്ധമാക്കിയിരിക്കുന്നു. ആധാറുമായി ബന്ധപ്പെടുത്തിയ അക്കൗണ്ടുകളിലേയ്ക്ക് മാത്രം വായ്പാ തുക വിതരണം ചെയ്യേണ്ടതാണ്.

5) ഉദ്യോഗസ്ഥ / വസ്തു ജാമ്യ വ്യവസ്ഥകളിൽ ചുവടെ ചേർക്കുന്ന ഭേദഗതികൾ നടപ്പിൽ വരുത്തിയിരിക്കുന്നു.

| ജാമ്യം | നിലവിലുള്ള വ്യവസ്ഥ | പരിഷ്കരിച്ച വ്യവസ്ഥ |
|---|---|---|
| ഉദ്യോഗസ്ഥ ജാമ്യം | ഒരു ഉദ്യോഗസ്ഥന്റെ ജാമ്യത്തിൽ 2.50 ലക്ഷം രൂപവരെ ഉദ്യോഗസ്ഥ ജാമ്യം സ്വീകരിച്ച് അനുവദിക്കുന്ന പരമാവധി വായ്പ 5 ലക്ഷം രൂപ | ഒരു ഉദ്യോഗസ്ഥന്റെ ജാമ്യത്തിൽ 3 ലക്ഷം രൂപവരെ ഉദ്യോഗസ്ഥ ജാമ്യം സ്വീകരിച്ച് അനുവദിക്കുന്ന പരമാവധി വായ്പ 6 ലക്ഷം രൂപ |
| വസ്തു ജാമ്യം | വാസയോഗ്യമായ വസ്തുവിന്റെ കുറഞ്ഞ വിസ്തീർണ്ണം 1.6 ആർ 3.95 സെന്റ് | വാസയോഗ്യമായ വസ്തുവിന്റെ കുറഞ്ഞ വിസ്തീർണ്ണം 1.6ആർ (3.95 സെന്റ്)<br>1 ലക്ഷത്തിന് മുകളിലുള്ള വായ്പയ്ക്ക് 1.61 ആർ (4 സെന്റ്) വിസ്തീർണ്ണം നിർബന്ധം.<br>1.50 ലക്ഷത്തിന് മുകളിലുള്ള വായ്പയ്ക്ക് 2.02 ആർ (5 സെന്റ്) വിസ്തീർണ്ണം നിർബന്ധം. |

സെക്ഷൻ ഓഫീസർ